

TUESDAY 09-05-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : PADMAM S    Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–09/05/2023.

1. കൃഷിവകുപ്പിന്റെയും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരളത്തിന്റെയും ആഭിമുഖ്യത്തിൽ വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഒരുക്കിയ പച്ചക്കറി - പുഷ്പ വിളകളുടെ മികവിന്റെ കേന്ദ്രം സുൽത്താൻബത്തേരി എംഎൽഎ ഐ സി ബാലകൃഷ്ണന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഇന്ന് രാവിലെ 11 മണിക്ക് ഉദ്ഘാടനം ചെയ്യും. ഇൻഡോ-ഡച്ച് സംയുക്ത കർമ്മ പദ്ധതിയുടെ ഭാഗമായി പച്ചക്കറികളുടേയും പുഷ്പങ്ങളുടേയും ആധുനിക കൃഷി സമ്പ്രദായങ്ങൾക്ക് പ്രചാരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആരംഭിക്കുന്നത്. കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയുടേയും മികച്ച സാങ്കേതിക വിദ്യകൾ അവലംബിച്ചുകൊണ്ടുള്ള പോളിഹൗസ് കൃഷിയുടേയും തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷിയുടേയും മാതൃകാ തോട്ടങ്ങളാണ് ഇതിന്റെ ഭാഗമായി ഒരുക്കുന്നത്. പച്ചക്കറി-പുഷ്പ വിളകളുടെ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ വലിയതോതിൽ ഉത്പാദിപിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

2. കേരള സർക്കാറിന്റെ മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി കൃഷി വകുപ്പ് കേരളത്തിലെ കർഷക ഗ്രൂപ്പുകൾക്ക് സബ്സിഡിയിൽ വിതരണം ചെയ്യുന്ന ഡ്രോണുകളുടെയും കാർഷിക യന്ത്രങ്ങളുടേയും സംസ്ഥാനതല വിതരണോദ്ഘാടനം മാനന്തവാടി വള്ളിയൂർക്കാവ് ഗ്രൗണ്ടിൽ വൈകിട്ട് 3 മണിക്ക് മാനന്തവാടി എം.എൽ.എ. ഒ.ആർ കേളുവിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇന്ന് നിർവ്വഹിക്കും. പരിപാടിയോടനുബന്ധിച്ച് (09.05.2023) ഉച്ചക്ക് 1 മണി മുതൽ യുവകർഷകർക്കായി നൂതന കാർഷിക യന്ത്രങ്ങളെപ്പറ്റിയും നൂതന ജലസേചനരീതികളെപ്പറ്റിയുമുള്ള സെമിനാറും, ചർച്ചയും സംഘടിപ്പിക്കുന്നു. കൂടാതെ ഉദ്ഘാടന ദിവസം പരിപാടിയിൽ പങ്കെടുക്കുന്ന കർഷകർക്കും പൊതുജനങ്ങൾക്കുമായി നറുക്കെടുപ്പിലൂടെ 4 ലക്ഷം രൂപ വിലമതിക്കുന്ന നാൽപതിലധികം കാർഷിക യന്ത്രങ്ങൾ സമ്മാനമായി വിതരണം ചെയ്യുന്നതാണ്. ഇതോടനുബന്ധിച്ച് മെയ് 7 മുതൽ കാർഷിക യന്ത്ര പ്രദർശന വിപണന മേളയും കർഷകർക്ക് SMAM പദ്ധതിയിൽ യന്ത്രങ്ങൾ വാങ്ങുന്നതിന് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളജ് ഗ്രൗണ്ടിൽ മേയ് മാസം 13 മുതൽ 21 വരെ നടത്തുവാൻ നിശ്ചയിച്ചിരുന്ന കാർഷിക വിപണന മേളയായ കരപ്പുറം കൃഷികാഴ്ച മേയ് മാസം 19 മുതൽ 28 വരെയുള്ള തീയതിയിലേയ്ക്ക് മാറ്റിയിരിക്കുന്നു.

കരപ്പുറം കൃഷികാഴ്ച യോടനുബന്ധിച്ച് കൃഷി, അനുബന്ധ മേഖലകളിൽ സ്വന്തമായോ കൂട്ടായോ സംരംഭങ്ങൾ തുടങ്ങാൻ ആശയങ്ങൾ ഉള്ളവരെ സഹായിക്കാനായി ഡി.പി.ആർ. ക്ലിനിക്ക് നടത്തുന്നു. വരുമാന വർദ്ധനവിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉത്പാദനം കൂട്ടുന്നതിനും വേണ്ടി നൂതനമായതും പ്രായോഗികമായതുമായ പദ്ധതി ആശയങ്ങളുള്ള കർഷകർ, കർഷക ഗ്രൂപ്പുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ, പി.എ.സി.എസ്. തുടങ്ങിയവർക്ക് ബന്ധപ്പെട്ട കൃഷി ഭവനുമായോ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുമായോ, ആത്മ പ്രൊജക്റ്റ് ഡയറക്ടറേറ്റുമായോ ബന്ധപ്പെടേണ്ടതാണ്. ഇത്തരത്തിലുള്ളവരെ ഉൾപ്പെടുത്തി നടത്തുന്ന ഡി.പി.ആർ. ക്ലിനിക്കിൽ അതത് മേഖലയിലെ വിദഗ്ധരുമായി ബന്ധപ്പെടുന്നതിനും ബാങ്കുകളിൽ സമർപ്പിക്കുന്നതിനുമായുള്ള വിശദമായ പദ്ധതി രേഖ സൗജന്യമായി തയ്യാറാക്കി നൽകും. താത്പര്യമുള്ളവർ മെയ് 10-നകം ബന്ധപ്പെട്ട കൃഷി ഓഫീസിൽ പ്രോജക്റ്റുകൾ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് 0477 2962961 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷികസർവ്വകലാശാലയുടെ 2022 വർഷത്തെ ബിരുദദാനചടങ്ങ് ജൂൺ 3 ന് (03.06.2023 ശനിയാഴ്ച) നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 01.07.2021 മുതൽ 15.05.2023 വരെയുള്ള കാലയളവിൽ അന്തിമ ഫലം പ്രഖ്യാപിച്ച വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത ചടങ്ങിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 15.05.2023. വിശദവിവരങ്ങൾക്ക് www.convocation.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

5. പിലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, ഉത്പാദിപ്പിച്ച ടി x ഡി സങ്കരയിനം തെങ്ങിൻ തൈകൾ തൈ ഒന്നിന് 300 രൂപ നിരക്കിൽ ഒരു റേഷൻ കാർഡിന് 3 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ വെള്ളക്കടലാസിൽ പൂരിപ്പിച്ച അപേക്ഷയോടൊപ്പം റേഷൻ കാർഡിന്റെ പകർപ്പും മേൽവിലാസം സഹിതമുള്ള മടക്കപോസ്റ്റ് കാർഡും സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ

സ്വീകരിക്കുന്ന അവസാന തീയതി മെയ് 25. വിതരണം ജൂൺ മാസം ആദ്യവാരം മുതൽ അരംഭിക്കും. കൂടുതൽ വിവരങ്ങൾക്കായി **8547891632** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 11 ന് (11.05.2023 വ്യാഴാഴ്ച്ച) രാവിലെ 10 മണിക്ക് "ചെറുധാന്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ" എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 12 ന് (12.05.2023) രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കോണ്ടുവരേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷനിൽ മെക്കാനിക്കൽ വിഭാഗത്തിലേക്ക് 'എഞ്ചിനീയറിങ് ട്രെയിനി'യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർക്ക് മെക്കാനിക്കൽ എഞ്ചിനീയറിങ് ബിരുദം ഉണ്ടായിരിക്കണം. 2023 മെയ് 10 -ന് രാവിലെ 10 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04812353311 എന്ന ഫോൺ നമ്പരിലോ, www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**കാർഷിക നിർദ്ദേശങ്ങൾ –**

9. ഏലച്ചെടിയിൽ അഴുകൽ രോഗം നിയന്ത്രിക്കാൻ 1% വീര്യമുള്ള ബോർഡോ മിശ്രിതം കാലാവർഷത്തിനു മുൻപ് തളിച്ച് കൊടുക്കുക. തടചീയൽ രോഗത്തിനെതിരെ ജാഗ്രത പാലിക്കുക. രോഗത്തിനെ പ്രതിരോധിക്കാൻ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ ചുവട്ടിൽ

ഒഴിച്ച് കൊടുക്കുക .നിലവിലുള്ള തോട്ടത്തിൽ 40- 60% സൂര്യപ്രകാശം ലഭിക്കത്തവിധം തണൽ ക്രമികരിക്കുക. തോട്ടത്തിന്റെ തെക്കു പടിഞ്ഞാറു ഭാഗത്തു കൂടുതൽ തണൽ നൽകാൻ ശ്രദ്ധിക്കണം. കൃഷിയിടം കളവിമുക്തമാക്കി സൂക്ഷിക്കുകയും നീർച്ചാലുകൾ ആവിശ്യത്തിന് വൃത്തിയാക്കുകയും ചെയുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം